ലഭ്യതക്കുറവ് തടസ്സം നിന്നിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിന് മറ്റ് ജില്ലകളിൽനിന്നും പുതുതായി ടെൻഡർ വിളിച്ച് മണ്ഡലത്തിലേക്ക് പോസ്റ്റുകൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഇപ്പോൾ മണ്ഡലത്തിൽ പോസ്റ്റുകൾ ലഭ്യമായിത്തുടങ്ങിയിട്ടുണ്ട്. മണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തിയാക്കുന്നതിന് 1,899 പോസ്റ്റുകൾ കൂടി ആവശ്യമുണ്ട്. ഇത് രണ്ട് മാസത്തിനുള്ളിൽ ലഭ്യമാക്കാൻ കഴിയും. ഏപ്രിൽ മാസത്തോടെ മണ്ഡലത്തിന്റെ സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തിയാക്കാൻ കഴിയും.

6. ആരാധനാ സൗകര്യം ലഭ്യമാക്കാനുള്ള നടപടി

ശ്രീ. യു. സി. രാമൻ : സർ, എന്റെ നിയോജക മണ്ഡലത്തിൽ ചാലിയാർ പുഴയുടെ തീരത്ത് ദേവപ്രശ്ന പ്രകാരം രണ്ടായിരത്തിലേറെ വർഷം പഴക്കമുള്ള ഒരു അയ്യപ്പ ശിവക്ഷേത്രമുണ്ട്. കാലാന്തരത്തിൽ ആ ക്ഷേത്രം ക്ഷയിച്ചുപോയി. അവിടത്തെ കെട്ടിടങ്ങളൊക്കെ തകർന്ന് ആരാധനകളും മുടങ്ങിപ്പോയി. പിന്നീട് ആ സ്ഥലം കാടുപിടിച്ചുകിടക്കുകയായിരുന്നു. 1967-ൽ ജലവിഭവ വകുപ്പിനു വേണ്ടി ക്ഷേത്രത്തിന്റെ സമീപഭാഗത്തുള്ള സ്ഥലങ്ങൾ സർക്കാർ ഏറ്റെടുത്തു. അങ്ങനെ ഏറ്റെടുത്ത സമയത്ത് ഒരു സ്വകാര്യ വ്യക്തിയുടെ കൈവശമുണ്ടായിരുന്ന ഈ സ്ഥലത്തിന്റെ ചുറ്റും മതിലുകെട്ടി. ഇന്ന് ഈ ക്ഷേത്രവും അതിന്റെ ഭാഗങ്ങളെല്ലാം തന്നെ ഈ കോമ്പൗണ്ടിനുള്ളിലാണ്. ഭക്തജനങ്ങൾക്ക് ആരാധനയ്ക്ക് പോകാൻ കഴിയുന്നില്ല. ആ ഭാഗത്തുള്ള ആളുകൾക്ക് ആരാധനയ്ക്കു വേണ്ടി ആ ക്ഷേത്രം തുറന്നുകൊടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഇത് വാട്ടർ അതോറിറ്റി വിലയ്ക്ക് വാങ്ങിയതല്ല, അക്വയർ ചെയ്തതല്ല, സ്വകാര്യ വ്യക്തിയുടെ സ്ഥലമാണ്. അടിയന്തരമായി ആ സ്ഥലം പതിച്ച് കൊടുക്കണമെന്നും അവിടെ ആരാധന നടത്താനുള്ള അനുവാദം നൽകണമെന്നും അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ) : സർ, ബഹുമാനപ്പെട്ട യു.സി. രാമൻ ഉന്നയിച്ചത് ഒരു സങ്കീർണ്ണ പ്രശ്നമാണ്. ഈ പമ്പ് ഹൗസിന്റെ കോമ്പൗണ്ടിൽ ഒരു ക്ഷേത്രം നിലനിൽക്കുന്നില്ലെന്നും അതുകൊണ്ടുതന്നെ പൊതുജനങ്ങൾക്ക് ആരാധനാ സ്വാതന്ത്ര്യം അനുവദിക്കുക ബുദ്ധിമുട്ടാണെന്നുമുള്ള നിലയിലാണ് കേരള വാട്ടർ അതോറിറ്റി ഗവൺമെന്റിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത്. പക്ഷേ ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ സബ്മിഷന്റെ പശ്ചാത്തലത്തിൽ ഇതിന്റെ നിജസ്ഥിതി പരിശോധിക്കുന്നതിനുവേണ്ടി ബന്ധപ്പെട്ട ജില്ലാകളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ നടപടികൾ ഇക്കാര്യത്തിൽ സ്വീകരിക്കുന്നതാണ്.

7. വൈദ്യുതി സബ് സ്റ്റേഷൻ

ശ്രീ. കെ. കെ. ജയചന്ദ്രൻ : സർ, എന്റെ നിയോജകമണ്ഡലത്തിലെ സേനാപതിയിൽ കെ. എസ്. ഇ. ബി. യുടെ ഒരു സബ് സ്റ്റേഷൻ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ട് വർഷങ്ങളായി. ആ പ്രദേശങ്ങളിലുള്ള വോൾട്ടേജ് ക്ഷാമം വളരെ ഗൗരവമായ പ്രശ്നമാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം 25,000 കണക്ഷനുകളാണ് പുതിയതായി കുടുംബങ്ങൾക്ക് നൽകിയിട്ടുള്ളത്. ഇതു വന്നതോടുകൂടി ഇവിടെ വോൾട്ടേജ്ക്ഷാമം രൂക്ഷമായിരിക്കുകയാണ്. ഈ സബ് സ്റ്റേഷന്റെ പണി എത്രയും വേഗം ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : സർ, ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല നിയോജകമണ്ഡലത്തിൽ സേനാപതിയിൽ 33 കെ. വി. സബ് സ്റ്റേഷൻ നിർമ്മിക്കാൻ കഴിഞ്ഞ എൽ. ഡി. എഫ്. സർക്കാരിന്റെ കാലഘട്ടത്തിൽ തീരുമാനിച്ചതാണ്. എന്നാൽ ഭൂമി ഏറ്റെടുക്കുന്നതിനുണ്ടായ തടസ്സമാണ് ഇതിന് കാലതാമസം വരുത്തിയത്. 30 കിലോ മീറ്ററോളം 33 കെ. വി. ലൈൻ വലിക്കുന്നതിനുള്ള പ്രയാസങ്ങൾ ഇതിന്റെ ഭാഗമായി വന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബഹുമാനപ്പെട്ട എം. എൽ. എ. യുടെ ശക്തമായ ഇടപെടലിന്റെ ഭാഗമായി ഭൂമി ഏറ്റെടുത്തുകഴിഞ്ഞു. ഇതോടൊപ്പം കൂർത്തുങ്കൽ ചെറുകിട ജലവൈദ്യുത പദ്ധതിയിൽ നിന്ന് 17 കിലോമീറ്റർ 33 കെ. വി. ലൈൻ വലിച്ച് പദ്ധതിക്കാവശ്യമായ വൈദ്യുതി എത്തിക്കുന്നതിനുള്ള അംഗീകാരം നൽകിക്കഴിഞ്ഞു. ഈ സാഹചര്യത്തിൽ സേനാപതിയിൽ 33 കെ. വി. സബ് സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കാൻ കഴിയും. 25,400 കണക്ഷനാണ് ആ മണ്ഡലത്തിൽ കൊടുത്തത്. ചരിത്രത്തിൽ ഇന്നേവരെ കൊടുക്കാത്തതാണ്.

8. ചാലക്കുടി റിവർ ഡൈവേർഷൻ സ്കീം

ശ്രീ. ബി. ഡി. ദേവസ്സി: സർ, ചാലക്കുടി ജലസേചന പദ്ധതി 1957-ൽ ഭാഗീകമായും 1966-ൽ പൂർണ്ണമായും പൂർത്തീകരിച്ചതാണ്. ചാലക്കുടി, മാള, കുടകര, ഇരിഞ്ഞാലക്കുട, അംഗമാലി, വടക്കേക്കര എന്നീ ആറ് മണ്ഡലങ്ങളിലായി 14,242 ഹെക്ടർ പ്രദേശത്ത് ഈ പദ്ധതിയുടെ ഗുണം ലഭിക്കുന്നതാണ്. ഈ പദ്ധതിക്ക് 48.2 കിലോ മീറ്റർ ദൈർഘ്യമുള്ള വലതുകര കനാലിന് അനുബന്ധമായി 155.122 കിലോ മീറ്റർ നീളമുള്ള 46 ബ്രാഞ്ച് കനാലുകളും 52.200 കിലോ മീറ്റർ ദൈർഘ്യമുള്ള ഇടതുകര കനാലിന് അനുബന്ധമായി 123.680 കിലോ മീറ്റർ നീളമുള്ള 35 ബ്രാഞ്ച് കനാലുകളുമുണ്ട്. ജലസേചനത്തിനും കുടിവെള്ളത്തിനും പ്രയോജനപ്പെടുന്ന ഈ കനാലിൽക്കൂടി ആവശ്യത്തിന് വെള്ളം എത്തിക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. പെരിങ്ങൽക്കുത്ത് ജലവൈദ്യുത പദ്ധതിയിൽ നിന്ന് വൈദ്യുതി ഉത്പാദനത്തിനുശേഷം പുഴയിലേക്ക് തിരിച്ചുവിടുന്ന ജലമാണ് ഈ പദ്ധതിയുടെ മുഖ്യ സ്രോതസ്സ്. പെരിങ്ങൽക്കുത്തിൽ നിന്ന് വരുന്ന അധിക ജലം ശേഖരിക്കാൻ കഴിയാത്തതിനാൽ പാഴായിപ്പോകുന്നു. ചാലക്കുടി റിവർ ഡൈവേർഷൻ സ്കീമിന് ഒരു ജലസംഭരണി ഇല്ലാത്തതിനാൽ സി. ആർ. ഡി. സ്കീമിൽ ജലവിതരണത്തിന് കഴിയുന്നില്ല. അതിനാൽ ഒരു ഡാം നിർമ്മിക്കുന്നതിനും സി.ആർ.ഡി. സ്കീമിലെ ജലലഭ്യത ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ) : സർ, ചാലക്കുടി റിവർ ഡൈവേർഷൻ സ്കീമിനാവശ്യമായിട്ടുള്ള ജലസംഭരണ ശേഷി ഇല്ലാത്തത് മൂലമാണ് പെരിങ്ങൽക്കുത്ത് ജലവൈദ്യുത പദ്ധതിയിൽ നിന്ന് വരുന്ന അധിക ജലം സംഭരിക്കാൻ കഴിയാതെ പോകുന്നത്. ചാലക്കുടി റിവർ ഡൈവേർഷൻ സ്കീമിന്റെ സംഭരണശേഷി .28 മില്യൻ മീറ്റർ ക്യൂബ് മാത്രമാണ്. എന്നാൽ ആയക്കെട്ടിലെ ജലസേചനത്തിന് 7 മില്യൻ മീറ്റർ ക്യൂബ് ജലം ആവശ്യമുണ്ട്. നിലവിലുള്ള സംഭരണിയുടെ പരിധിയിൽ നിന്ന് അകലെയായി പുതിയ സംഭരണി

LIBRARY ARCHIVES Kerala Legislative Assembly